# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി XI

## (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**
**(2014-15)**

**FOURTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2014-15)**

2014.........................-ാം തീയതി സമർപ്പിച്ചത്

(Presented on..................................2014)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി XI

## (SUBJECT COMMITTEE XI)

**ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും**

**(FOOD, CIVIL SUPPLIES AND CO-OPERATION)**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

നാലാമത് റിപ്പോർട്ട്

(2014-15)

FOURTH REPORT ON THE SCRUTINY OF

DEMANDS FOR GRANTS

(2014-15)

560/2014.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി.

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഗീതാ ഗോപി

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ലൂഡി ലൂയിസ്

,, കെ. കെ. നാരായണൻ

,, ആർ. സെൽവരാജ്

,, ജി. സുധാകരൻ

,, വി. എം. ഉമ്മർ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

,, എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

## അവതാരിക

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2014 ഫെബ്രുവരി 20, മാർച്ച് 4 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XXVII —സഹകരണം

ധനാഭ്യർത്ഥന നമ്പർ XXVIII —പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXX —ഭക്ഷ്യം

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി യോഗത്തിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്ന് ആവശ്യമായ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരമായ സാമ്പത്തിക പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2014 ഏപ്രിൽ 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

അനൂപ് ജേക്കബ്,

*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XI.*

തിരുവനന്തപുരം,
2014 ഏപ്രിൽ 23.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

വോട്ട് ചെയ്തത് : 309,87,61,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശയിളവ് പദ്ധതി—സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ-പ്ലാൻ)

1. 2011-12 സാമ്പത്തിക വർഷംമുതൽ കൃത്യമായി കാർഷികവായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തുടർപദ്ധതി ആയതിനാൽ ഈയിനത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 27 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2425-00-108-51—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (പ്ലാൻ)

4425-00-108-42— ”

ബഡ്ജറ്റ് വിഹിതം : 5,39,99,000 രൂപ (പ്ലാൻ)

6425-00-108-19— ”

ബഡ്ജറ്റ് വിഹിതം : 5,85,00,000 രൂപ (പ്ലാൻ)

2. ആശുപത്രി സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് ധനസഹായം നൽകുന്നതിനുള്ള പ്രസ്തുത പദ്ധതിക്കായി 11.25 കോടി രൂപയാണ് ആകെ അനുവദിച്ചിട്ടുള്ളത്. എൻ.സി.ഡി.സി. ധനസഹായം ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചുവരുന്നതുമായ പ്രോജക്ടുകൾക്ക് രണ്ടാംഗഡു ധനസഹായം അനുവദിക്കുന്നതിനും 2014-15 സാമ്പത്തിക വർഷത്തിൽ പുതുതായി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ പദ്ധതിയിനത്തിൽ ആകെ 27.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

560/2014.

2425-00-108-47-31—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം—സഹായധനം—ശമ്പളം

ബഡ്ജറ്റ് വിഹിതം : 2,82,50,000 രൂപ (നോൺ-പ്ലാൻ)

3. പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ പശ്ചാത്തലസൗകര്യവികസനത്തിനാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപന ങ്ങളിൽനിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപത്തുകയുടെ 25% ഗ്രാന്റായി സർക്കാർ കേപ്പിന് നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഈയിനത്തിൽ കേപ്പിന് ബാക്കി നൽകാനുണ്ടായിരുന്ന 35.52 കോടി രൂപയിൽ 2014-15-ൽ വകയിരുത്തിയിട്ടുള്ള 2.825 കോടി രൂപയ്ക്കുപുറമേ 32.69 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4425-00-001-99—സഹകരണ ആസ്ഥാനവും മറ്റ് സ്ഥാപനങ്ങളും

ബഡ്ജറ്റ് വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

4. സഹകരണ വകുപ്പിന് ആസ്ഥാനമന്ദിരം പണിയുന്നതിനുള്ള സ്ഥലം ലഭിക്കുകയും ആയതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്ത സാഹചര്യ ത്തിൽ കെട്ടിട നിർമ്മാണത്തിനായി 20 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബഡ്ജറ്റിൽ 3 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു. ആയതിനാൽ ബഡ്ജറ്റ് വിഹിത ത്തിനുപുറമെ 17 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം നൽകുകയും തുക വകയിരുത്തുകയും ചെയ്യേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കാർഷികോല്പന്ന വിപണനത്തിന് സംഘങ്ങൾക്ക് 5 ലക്ഷം രൂപവരെ പലിശരഹിത വായ്പ**

5. കാർഷികോൽപ്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകുംവിധം വിപണനം നടത്തുന്നതിന് വികസന ബ്ലോക്കുകൾതോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്നും ഇത്തരം സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ സമാഹരിക്കുന്ന തിനും അവ ഗുണമേന്മ നഷ്ടപ്പെടാതെ സമയബന്ധിതമായി വിപണിയിലെത്തിച്ച് വിപണനം നടത്തുന്നതിനും അഞ്ച് ലക്ഷം രൂപവരെ 3 വർഷത്തേക്ക് പലിശരഹിത വായ്പ നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിലേക്ക് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ**

6. 22-10-2013-ലെ 671/2013/സഹ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം മാർക്കറ്റ് ഫെഡിന് 35 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുകയായ 35 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ലീഗൽ മെട്രോളജി വകുപ്പ്

### ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 1554,32,22,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

3475-00-106-99-05-4—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം—മെട്രിക് സമ്പ്രദായം നടപ്പാക്കൽ—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 18,00,000 രൂപ (നോൺ-പ്ലാൻ)

7. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പല ബില്ലുകളും മാറിനൽകിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2014-15-ലെ ബഡ്ജറ്റ് വിഹിതമായ 18 ലക്ഷം രൂപയ്ക്കുപുറമേ 10 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം—മെട്രിക് സമ്പ്രദായം നടപ്പാക്കൽ—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 23,00,000 രൂപ (നോൺ-പ്ലാൻ)

8. വാടക കുടിശ്ശിക ഇനത്തിൽ ഹൗസിംഗ് ബോർഡിന് 24 ലക്ഷം രൂപയും തിരുവനന്തപുരം ഡെപ്യൂട്ടി കൺട്രോൾ ഓഫീസിന് 5 ലക്ഷം രൂപയും നൽകാനുള്ളതിനാൽ 2014-15-ലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 30 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

വോട്ട് ചെയ്തത് : 968,83,75,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2408-01-004-99—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

ബഡ്ജറ്റ് വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

9. കേരളത്തിലെ നാടൻ ഭക്ഷ്യവസ്തുക്കളുടെ തനിമ നിലനിർത്തിക്കൊണ്ട് അവയുടെ നിലവാരം അന്താരാഷ്ട്ര മാർക്കറ്റിലെ ഭക്ഷ്യവസ്തുക്കളുമായി കിടപിടിക്കുന്ന താക്കിമാറ്റുക എന്ന ലക്ഷ്യത്തോടെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഭക്ഷ്യപാർക്ക്, ഭക്ഷ്യസുരക്ഷാ സർവ്വേ, മിനി ഫുഡ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ, ഔഷധഗുണ പരിശോധനാ ലബോറട്ടറി, വെജിറ്റബിൾ/ഫ്രൂട്ട്സ് ഡീഹൈഡ്രേറ്റിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുമാണ് ബഡ്ജറ്റ് വിഹിതമായി 5 കോടി രൂപ അനുവദിച്ചിട്ടുള്ളത്. എന്നാൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും ഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ, വെജിറ്റബിൾ/ഫ്രൂട്ട്സ് ഡീഹൈഡ്രേറ്റിംഗ് യൂണിറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിപുലീകരിക്കുന്നതിനും പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 9 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-101-98-33—റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ—സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 600,00,00,000 രൂപ (നോൺ-പ്ലാൻ)

10. റേഷനരി സംസ്ഥാന സർക്കാർ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനും മൊത്ത/ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ നിന്നും സബ്സിഡി നൽകുന്ന തുക സംസ്ഥാന സർക്കാർ എഫ്. സി. ഐ.യ്ക്ക് നൽകുകയും എഫ്. സി. ഐ. സബ്സിഡി നിരക്കിൽ അരി നൽകുകയുമാണ് ചെയ്യുന്നത്. 2014-15 സാമ്പത്തിക വർഷം ഭക്ഷ്യസബ്സിഡി നൽകുന്നതിനാവശ്യമായ 663.23 കോടി രൂപയും റേഷൻ മൊത്ത/ചില്ലറ വ്യാപാരികളുടെ കമ്മീഷൻ നൽകുന്നതിനുള്ള 75.87കോടി രൂപയും 2013-14 സാമ്പത്തിക വർഷം വ്യാപാരികൾക്ക് നൽകാനുള്ള പ്രതീക്ഷിത കുടിശ്ശികയായ 15.26 കോടി രൂപയും ഉൾപ്പെടെ ആകെ 754.36 കോടി രൂപ ഈ സാമ്പത്തിക വർഷം ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 154.36 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളുംവഴി നെല്ല് സംഭരിക്കൽ—സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 180,00,00,000 രൂപ (നോൺ-പ്ലാൻ)

11. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്ന് നേരിട്ട് സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലവഴി 8 ജില്ലകളിലെ റേഷൻകാർഡുടമകൾക്ക് ഗുണമേൻമയുള്ള നാടൻ കുത്തരി നൽകിവരുന്നു. സംഭരിക്കുന്ന നെല്ലിന്റെ വില കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്ന ഈ പദ്ധതിക്ക് നിലവിൽ ഏകദേശം 1.25 ലക്ഷം കർഷകരാണ് ഗുണഭോക്താക്കളായിട്ടുള്ളത്. നെല്ലുൽപ്പാദനം മെച്ചപ്പെട്ടതിനാലും നെല്ലിന്റെ സംഭരണവില മികച്ചതായതിനാലും 2013-14 സാമ്പത്തിക വർഷത്തിന്റെ സെപ്റ്റംബറിൽ ആരംഭിക്കുന്ന നെല്ല് സംഭരണത്തിന്റെ രണ്ടാം പാദത്തിൽ ഏകദേശം 4 ലക്ഷം മെട്രിക് ടൺ നെല്ലും 2014-15 സാമ്പത്തിക വർഷത്തിൽ ഏകദേശം 5.5 ലക്ഷം മെട്രിക് ടൺ നെല്ലും സംഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നെല്ലിന്റെ സംഭരണ വിലയായ കിലോഗ്രാമിന് 19 രൂപയിൽ 5.90 രൂപ സംസ്ഥാന വിഹിതമായി നൽകിയാണ് നെല്ല് സംഭരണം നടത്തുന്നത്. ഇതിനായി 427.50 കോടി രൂപ ആവശ്യമാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 180 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ലഭിക്കുവാനുണ്ടായിരുന്ന 30 കോടി രൂപകൂടി ലഭിച്ച സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 217.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-101-95-34—അന്ത്യോദയ-അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റ് ചെലവുകളും—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (നോൺ-പ്ലാൻ)

12. അന്ത്യോദയ-അന്നയോജന പദ്ധതി പ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ്, വിൽപ്പന നികുതി മുതലായവ വഹിക്കുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 2012 ഒക്ടോബർ മുതൽ ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ 1-11-2013 മുതൽ ക്വിന്റലിന് പരമാവധി 41.40 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും മുൻവർഷത്തെ കുടിശ്ശിക അടിയന്തരമായി നൽകേണ്ടതിനാലും ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 10 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 28.1021 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്—സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 65,00,00,000 രൂപ (നോൺ-പ്ലാൻ)

13. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്തുടനീളം മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവയിലൂടെ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വിൽപ്പനവിലയിൽ സാധനങ്ങൾ വിതരണം ചെയ്ത് കമ്പോളവില നിയന്ത്രിക്കുകയും അവശ്യവസ്തുക്കൾക്കുപുറമെ മറ്റ് ഉപഭോക്തൃ താൽപ്പര്യ ഉൽപ്പന്നങ്ങൾ, മരുന്നുകൾ എന്നിവ കുറഞ്ഞ നിരക്കിൽ വിൽക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് ആകെ 91 ചില്ലറ മരുന്ന് വിൽപ്പനശാലകളും 5 മെഡിക്കൽ മൊത്തവ്യാപാര ഡിപ്പോകളും പ്രവർത്തിക്കുന്നുണ്ട്. കോർപ്പറേഷന്റെ മേൽപ്രവർത്തനങ്ങൾക്കും കൂടാതെ അവശ്യവസ്തുക്കളുടെ വിലനിയന്ത്രണം നടത്തുന്നതിനായി വിപണി ഇടപെടൽ പദ്ധതി, ഓണക്കാലത്തെ ബി. പി. എൽ. കിറ്റ് വിതരണം എന്നിവയ്ക്കായും കൂടുതൽ തുക വകയിരുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ വിൽക്കുന്നതുമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ടായ അധിക ബാദ്ധ്യതയും നികത്തേണ്ടതുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതമായ 65 കോടി രൂപയ്ക്കുപുറമേ 327 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. അത്യാവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന മാർക്കറ്റ് ഇന്റർവെൻഷന് പ്രതിമാസം 31 കോടി രൂപ നിരക്കിൽ ഒരു വർഷം 372 കോടി രൂപ ആവശ്യമായി വരുന്നു. കൂടാതെ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ 40% വരെ വിലക്കുറവിൽ അവശ്യസാധനങ്ങൾ വില്ക്കുന്നതുമൂലവും വളരെയധികം സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുകയും ഈ സാമ്പത്തിക ബാധ്യത നികത്തുന്നത് ബാങ്കുകളിൽനിന്ന് എടുക്കുന്ന ലോൺ മുഖേനയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ബഡ്ജറ്റ് വിഹിതം : 3,00,000 രൂപ (നോൺ-പ്ലാൻ)

15. ദേശീയ ഉപഭോക്തൃ അവകാശ ദിനാചരണം, ലോക ഉപഭോക്തൃ അവകാശ ദിനാചരണം, ഉപഭോക്തൃ സംരക്ഷണ അവാർഡ് വിതരണം എന്നിവ സംഘടിപ്പിക്കുന്നതിനും ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിന് ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും ലോക ഭക്ഷ്യദിനാചരണത്തിനുള്ള ചെലവുകൾക്കും വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3456-00-001-86—കമ്പ്യൂട്ടർവൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

16. ഭക്ഷ്യസാധനങ്ങളുടെ വിതരണശൃംഖല തുടക്കംമുതൽ അവസാനംവരെ കമ്പ്യൂട്ടർവൽക്കരിക്കുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുക, ന്യായവില ഷോപ്പുകളെ ആധുനികവൽക്കരിക്കുക, റേഷൻകാർഡുകളിലെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 20 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികൾക്കും 18 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതും വളരെയധികം ചെലവു പ്രതീക്ഷിക്കുന്നതുമായ End to End Computerisation പദ്ധതി പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4408-01-101-95—റേഷൻകാർഡ് പുതുക്കൽ

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (നോൺ-പ്ലാൻ)

17. റേഷൻകാർഡ് അച്ചടിച്ച് നൽകിയ വകയിൽ സി-ഡിറ്റിനും കെൽട്രോണിനും 2.34 കോടി രൂപ കുടിശ്ശികയുള്ളതിനാലും ഈ വർഷം ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിനായി റേഷൻകാർഡുകൾ പുതുക്കി നൽകേണ്ടതിനാലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയ്ക്കുപുറമേ 8.4833 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

അനൂപ് ജേക്കബ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XI.*

തിരുവനന്തപുരം,
2014 ഏപ്രിൽ 23.